ജില്ലാ ഉൽപ്പാദന സമിതി.

* 1390. [15] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതിനിടെ ഗവണ്മെൻറ് പുറപ്പെടുവിച്ച നിർദ്ദേശം അനുസരിച്ച് പാലക്കാട് ജില്ലയിൽ ജില്ലാ ഉൽപ്പാദന സമിതി രൂപീകരിച്ചു കഴിഞ്ഞുവോ ;

(ബി) ആലത്തൂർ താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽ വില്ലേജ് ഉൽപ്പാദന സമിതികൾ സംഘടിപ്പിച്ചുകഴിഞ്ഞു ;

(സി) പ്രസ്തുത താലൂക്കിൽ ഈ കൊല്ലത്തെ വിരിപ്പുകൃഷിക്ക് ഉപയോഗിക്കുവാൻ വേണ്ട വളങ്ങൾക്ക് എത്ര കൃഷിക്കാരിൽനിന്ന് ലോണിന് അപേക്ഷകൾ കിട്ടി ;

(ഡി) എത്ര അനുവദിച്ചു ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ-ഡി) അതിൻറെ വിവരങ്ങൾ മുഴുവൻ കിട്ടിക്കഴിഞ്ഞിട്ടില്ല.

Coir Products.

* 1391. [16] **Shri K. Moideenkutty Haji** : Will the Minister for Finance be pleased to state :

(a) whether Coir Products have been exempted from Kerala State Sales-tax ; if so, from which date ;

(b) whether Central Sales-tax is collected for articles exempted from State Sales-tax ;

(c) is it necessary to obtain and file the Central Sales-tax forms in respect of the articles which are exempted from State or Central Sales-tax ; and

(d) is it necessary to collect sales-tax on articles which are exempted from State Sales-tax and which are disposed outside this State through dealers who are not holders of Central Sales-tax Licence ?

Minister for Finance (**Shri C. Atchutha Menon**) :

(a) Coir products have been exempted in the whole of this State from 1-10-1957. The words 'coir products' do not include coir yarn. Coir including coir yarn is exempted only for use in the manufacture of coir products within the State and subject to the condition that manufacturers take out the licences on payment of the prescribed fees.

(b) If under the Sales-tax law of any State, the sale or purchase of any goods by a dealer is exempted from tax generally, *i e.*, not in specified circumstances or under specified conditions or at specified stages only, no Central Sales-tax is to be collected on the sales of such goods from that State in the course of inter-state trade or commerce.

LIBRARY ARCHIVES Kerala Legislative Assembly

(c) There is no need to obtain and file any declaration form in respect of the articles exempted generally, either under the Sales-tax Law or under the Central Sales-tax Act in a State if they are sold in or from that State.

(d) If an article is exempted from State Sales-tax generally, in a State, no Sales-tax is payable on the sales of that articles from that State in the course of inter-state trade or commerce even if the sale is to an unregistered dealer in another state.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : റാട്ടകൊട്ടകൊണ്ടു പിരിക്കുന്ന കയർയാണം അതിലേക്കു വാങ്ങുന്ന ഫൈബ്രേഴ്സും സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പൊതുവെ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ, ഈ സ്റ്റേറിൽത്തന്നെ ഈ mats, mattings മുതലായവ ഉൽപ്പാദിപ്പിക്കുന്നതിനു ഉപയോഗിക്കുന്നതാണെങ്കിൽ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അല്ലാത്തപക്ഷം ഒഴിവാക്കിയിട്ടില്ല.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വികസനം.

* 1392. [17] †ശ്രീ. കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വികസിപ്പിക്കുവാൻ 1959-60-ലേയ്ക്ക് കോഴിക്കോട് ഡിസ്ട്രിക്ടിനു് എത്ര രൂപ നീക്കിവച്ചിട്ടുണ്ട് ;

(ബി) ഇതു് ഏതെല്ലാം വിധത്തിൽ ചെലവഴിക്കാനാണു് തീരുമാനിച്ചിട്ടുള്ളതു് ;

(സി) ഈ ആവശ്യാർത്ഥം 1958-59-ൽ എത്ര രൂപ കോഴിക്കോട് ഡിസ്ട്രിക്ടിനു് അനുവദിച്ചിരുന്നു ;

(ഡി) ഇതിൽ എത്ര രൂപ ചെലവഴിച്ചു ; ഏതു വിധത്തിൽ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) 1959-60-ലേയ്ക്ക് 5,66,778 രൂപ നീക്കി വച്ചിട്ടുണ്ട്.

(ബി) വിവരങ്ങൾ കാണിക്കുന്ന ‡ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 1958-59-ൽ 3,28,092 രൂപ അനുവദിച്ചിരുന്നു.

(ഡി) ഈ തുകയിൽ 5,02,890 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഏതു വിധത്തിൽ ചെലവഴിച്ചു എന്നു കാണിക്കുന്ന ‡ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

വർഗ്ഗീയസംഘടനകളുടെ പ്രവർത്തനം

* 1393. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഇ. എം. എസ്സേ നേതാവേ നിന്നെപ്പിന്നെ കണ്ടോളാം ; എം-നെ തട്ടും ; മുണ്ടശ്ശേരിയെ തട്ടും ; സെക്രട്ടറിയേറ്റിൽ പടക്കുതിരയെ കുത്തും" തുടങ്ങിയ പരസ്യപ്രസ്താവനകളും പ്രതിജ്ഞകളും നടത്തുകയും

† As the member was absent the guestion was put by Shri Moideenkutty Haji, with the permission of the Chair.

‡ Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly